ബന്ധപ്പെട്ടവരും വിവിധ യൂണിയനുകളുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെ ഇന്നത്തെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചില ആശ്വാസ നടപടികൾ സ്വീകരിക്കാൻ തയ്യാറായതാണ്. പക്ഷേ യൂണിയനുകൾ അതിന് സമ്മതിച്ചില്ല. അതുകൊണ്ടാണ് അത് നീണ്ടു പോകുന്നത്. കോർപ്പറേഷനിലെ മറ്റ് ഓഫീസർമാർക്ക് ഇടക്കാലാശ്വാസം ഇതിനകംതന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിനുശേഷം അവരുടെ ശമ്പള വർദ്ധനവിനെ സംബ്ധിച്ചുള്ള ചർച്ച നടത്താനായിച്ച് പ്ലാന്റേഷൻ കോർപ്പറേഷന്റെ എം.ഡിക്ക് നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

(9) കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്ക്കൂളിന്റെ കെട്ടിടംപണി

<u>ശ്രീ. മൊയിൻകുട്ടി</u> : സർ, ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുള്ളത് എന്റെ മണ്ഡലത്തിലെ കൊടുവള്ളി ഗവൺമെന്റ് ഹൈസ്ക്കൂളിന്റെ കെട്ടിട നിർമ്മാണ ജോലി ആരംഭിച്ചിട്ട് നിരവധി വർഷങ്ങളായി. പക്ഷെ ഫണ്ടില്ലാത്തതുകൊണ്ട് ഇന്ന് ആ പ്രവർത്തനം സ്തംഭിച്ചു നിൽക്കുകയാണ്. 75 ശതമാനത്തോളം പണി പൂർത്തിയാക്കിയിട്ടുള്ള ഈ കെട്ടിടത്തിന്റെ ബാക്കി പണി വളരെ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. 3500-ഓളം കുട്ടികളുള്ള ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ +2 അനുവദിച്ചിട്ടുണ്ട്. ആ +2 പ്രവർത്തിക്കുന്നത് മദ്രസയിലാണ്. 20% ത്തോളം റിസൾട്ടുള്ള ഈ സ്ഥാപനം വളരെ ദയനീയമായ സാഹചര്യത്തിലാണ് ഇന്ന് നിൽക്കുന്നത്. അതുകൊണ്ട് ഇതിനാവശ്യമായ ഫണ്ട് അനുവദിച്ചുകിട്ടണം. ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിനു മുൻപ് ആരംഭിച്ച ഈ പ്രവൃത്തി ഫണ്ടില്ലാത്തതുകൊണ്ടാണ് സ്തംഭിച്ചു നിൽക്കുന്നത്. കെട്ടിട നിർമ്മാണത്തിന് പഞ്ചായത്തിന് ഫണ്ട് അന്ന് കൈമാറാത്തതു കാരണമാണ് ഈ സാഹചര്യം ഉളവായിട്ടുള്ളത്. ദയവായി അതിന് ഫണ്ട് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പു മന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, സംസ്ഥാനത്ത് പഞ്ചായത്തിരാജ് ഭരണം നടപ്പിലായതുമുതൽ സ്ക്കൂൾ കെട്ടിടങ്ങളുടെ സ്ഥലമെടുപ്പ്, കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ഭരണപരമായ അധികാരം ബന്ധപ്പെട്ട പഞ്ചായത്തീ രാജ് നഗര പാലികാ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. എന്നാൽ ഈ സംവിധാനം നിലവിൽ വരുന്നതിന് മുൻപ് 1.8.97-ന് മുൻപ് ഭരണാനുമതി നൽകി പണി പല ഘട്ടങ്ങളിലായി തുടർന്നുവന്നിരുന്ന ധാരാളം സ്ക്കൂളുകളുടെ നിർമ്മാണ ചെലവിനങ്ങൾ അതാതു പൊതുമരാമത്ത് കെട്ടിട വിഭാഗം തന്നെ പണി പൂർത്തിയാക്കുവാനും ഇതിനുള്ള നിർമ്മാണ ചെലവുകൾ സർക്കാർതന്നെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന് കൊടുത്തുതീർക്കാൻ തീരുമാനിക്കുകയും ചെയ്തു. പഞ്ചായത്തീരാജ് നഗരപാലികാ ഭരണ സംവിധാനം നിലവിൽവന്നതോടെ പൊതുമരാമത്ത് വകുപ്പിനും സ്ക്കൂൾ കെട്ടിട നിർമ്മാണത്തിനും പ്രത്യേകമായി ബഡ്ജറ്റ് വിഹിതം അനുവദിക്കുകയുണ്ടായില്ല. ആയതിനുള്ള തുക അതാതു പഞ്ചായത്തുകളുടെ പദ്ധതി ഇനം ഗ്രാന്റിൽ മൊത്തമായി വീതിച്ച് നൽകുകയാണ് ചെയ്തുവരുന്നത്. 1998-1999 വർഷങ്ങളിൽ ഉപധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തി ഈ ഇനത്തിൽ 7.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പുവർഷം ഇത്തരത്തിലുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ഉപ ധനാഭ്യർത്ഥന

LIBRARY ARCHIVES Kerala Legislative Assembly

പാസ്സായശേഷം മതിയായ സമയം ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപ് ഇല്ലാത്തതു കൊണ്ടും സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നതുകൊണ്ടും തുക റിലീസ് ചെയ്യാൻ സാധിക്കാതെ വന്നതാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത് അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക അനുവദിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ചീഫ് എൻജിനീയറുമായി ആലോചിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(10) കേരഫെഡിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തേണ്ടത് സംബന്ധിച്ച്

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, കരുനാഗപ്പള്ളിയിൽ പ്രവർത്തിക്കുന്ന കേരഫെഡ് ഫാക്ടറിക്ക് തുടക്കം കുറിച്ചത് 1991 ഏപ്രിൽ 8-ാം തീയതിയാണ്. ഒൻപത് വർഷം കഴിഞ്ഞിട്ടും അവിടെ പണിചെയ്യുന്ന് കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി ആയിട്ടില്ല. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് അവിടെയുള്ള എല്ലാ തൊഴിലാളി യൂണിയനുകളും സംയുക്തമായി കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ചെയർമാനായിരുന്ന ശ്രീ. വി.കെ. രാജൻ കൃഷി വകുപ്പുമന്ത്രി ആയിരിക്കുമ്പോൾ '96 ആഗസ്റ്റ് മാസം 3-ാം തീയതി തൊഴിലാളികളെ സംയുക്തമായി അവിടെ വിളിച്ചുകൂട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ നടന്ന ചർച്ചയിൽ എത്രയും പെട്ടെന്ന് ഈ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്ന് അന്ന് അദ്ദേഹം ഉറപ്പ് നൽകുകയുണ്ടായി. എന്നാൽ ഇതുവരെയും ഇതിനാവശ്യമായ നടപടികൾ ഉണ്ടായിട്ടില്ല എന്നുമാത്രമല്ല, 24/2/97-ന് മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളുമായി ഒരു ചർച്ച നടത്തുകയുണ്ടായി. അന്ന് ചർച്ചയ്ക്ക് വിളിച്ചപ്പോൾ അജണ്ടയിൽ ഒന്നാമതായി ഉൾപ്പെടുത്തിയിരിക്കുന്നത് ഓയിൽ മില്ലിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തണം എന്നതാണ്. അതിനുള്ള നടപടികൾ ഇതുവരെയും ആയിട്ടില്ല. അടിയന്തിരമായി ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u>) : സർ, 1992-93-ലാണ് കരുനാഗപ്പള്ളിയിൽ കേരഫെഡിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇത് ആരംഭിച്ചപ്പോൾ മുതൽ സമീപപ്രദേശങ്ങളിൽനിന്ന് 140 പേർ കാഷ്വൽ തൊഴിലാളികളായിട്ടും 1989-മുതൽ 18 പേർ പ്യൂൺ, ഡ്രൈവർ തസ്തികകളിൽ ദിവസക്കൂലിക്കാരായിട്ടും ജോലി ചെയ്യുന്നുണ്ട്. ഈ തൊഴിലാളികൾക്കും ഒരു നിശ്ചിത ശമ്പളവും ഡി.എ.യും നൽകി സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന് കേരഫെഡിന്റെ ഡയറക്ടർ ബോർഡ് ചർച്ച ചെയ്ത് ഗവൺമെന്റിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ധനകാര്യവകുപ്പും സഹകരണവകുപ്പും ഈ നിർദ്ദേശത്തോട് യോജിക്കുന്നില്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. വീണ്ടും ഇതിൽ ചർച്ച ആവശ്യമാണ്. വീണ്ടും ചർച്ച നടത്തി ഇവരെയെങ്ങനെ സ്ഥിരപ്പെടുത്താൻ കഴിയുമെന്നതിനെ സംബന്ധിച്ച് പരമാവധി സഹായകമായ നിലപാട് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly